പ്രവാസികളുടെ പുനരധിവാസ പദ്ധതി

98 (4133) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വിദേശ രാജ്യങ്ങളിൽനിന്നും തിരിച്ചെത്തുന്ന പ്രവാസികളുടെ പുനരധിവാസത്തിന് നോർക്ക വകുപ്പുവഴി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്; വിശദാംശം നൽകുമോ ?

ഉത്തരം

വിദേശത്ത് ജോലി ചെയ്ത് മടങ്ങി വരുന്ന പ്രവാസികളെ പുനരധിവസിപ്പിക്കുന്നതിനും അവർക്കു നാട്ടിൽ സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുമായി നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പരമാവധി 20 ലക്ഷം രൂപ വരെ മൂലധന ചെലവ് പ്രതീക്ഷിക്കുന്ന തൊഴിൽ സംരംഭങ്ങൾക്ക് 15% മൂലധനസബ്സിഡിയും നൽകുന്നുണ്ട്. കൂടാതെ ആദ്യത്തെ നാലു വർഷം 3% പലിശ ഇളവും നൽകുവാൻ ഉത്തരവായിട്ടുണ്ട്. രണ്ട് വർഷമെങ്കിലും വിദേശത്ത് ജോലി ചെയ്തശേഷം നാട്ടിൽ മടങ്ങിയെത്തിയ പ്രവാസികൾ, ഇത്തരം പ്രവാസികൾ ചേർന്ന് രൂപീകരിച്ച കമ്പനി, ട്രസ്റ്റ്, സൊസൈറ്റി തുടങ്ങിയവയാണ് പദ്ധതിയുടെ ആനുകൂല്യത്തിന് അർഹർ.

ഇതിനു പുറമെ സൗദിഅറേബ്യയിൽ സ്വദേശിവൽക്കരണം (നിതാഖത്ത്) കർശനമായി നടപ്പിലാക്കിയ സാഹചര്യത്തിൽ വിദേശരാജ്യങ്ങളിൽനിന്നും തിരികെയെത്തുന്ന പ്രവാസികൾക്കായി ഒരു സമഗ്രപുനരധിവാസ പദ്ധതി സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. താഴെ പറയുന്ന 5 പ്രധാന ഘടകങ്ങളാണ് സമഗ്രപുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

1. തിരികെയെത്തിയ പ്രവാസികളെ അവരുടെ താല്പര്യമനുസരിച്ച് വിദേശരാജ്യങ്ങളിലേക്ക് തന്നെ തൊഴിലിനായി മടക്കിയയ്ക്കുക.
2. ആഭ്യന്തര തൊഴിൽമേഖലയിലേക്ക് തിരികെയെത്തിയ പ്രവാസികളുടെ പുനരേകീകരണം.
3. സ്വയം സംരംഭക സഹായ പദ്ധതി.
4. പ്രവാസി സഹകരണ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിന് സഹായിക്കുന്ന പദ്ധതി.
5. സ്വയംതൊഴിൽ/നിക്ഷേപ സംരംഭങ്ങൾ.

LIBRARY ARCHIVES Kerala Legislative Assembly

കൂടാതെ ആഭ്യന്തര കലാപബാധിത പ്രദേശങ്ങളിൽനിന്നും തിരികെയെത്തിയ നഴ്സുമാർക്ക് തൊഴിൽ കണ്ടെത്തുന്നതിലേക്കായി നോർക്കയുടെ ജോബ്പോർട്ടലായ www.jobsnorka.gov.in -ൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം ലഭ്യമാണ്. തിരികെയെത്തിയവരിൽ 23 നഴ്സുമാർക്ക് സർക്കാർ മുൻകൈയെടുത്ത് എൻ.എം.സി. ഗ്രൂപ്പിൽ ജോലി ലഭിച്ചിട്ടുണ്ട്. കൂടാതെ അഹല്യ മെഡിക്കൽ ഗ്രൂപ്പിന്റെ അബുദാബിയിലുള്ള മെഡിക്കൽ സെന്ററുകളിലേക്കായി ഷോർട്ട്ലിസ്റ്റ് ചെയ്ത 159 പേരിൽ 17 പേരും യു.എ.ഇ.യിൽ ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്. ഈ ഗ്രൂപ്പ് തെരഞ്ഞെടുത്ത മറ്റുള്ളവരുടെ യാത്രാരേഖകൾ തയ്യാറാക്കിവരുന്നു. ഇതിന് പുറമെ സൗദിഅറേബ്യ, ഒമാൻ എന്നീ രാജ്യങ്ങളിൽ ആശുപത്രികളുള്ള അൽ-അബീർ മെഡിക്കൽ ഗ്രൂപ്പ് 153 നഴ്സുമാരെ ഷോർട്ട്ലിസ്റ്റ് ചെയ്തിട്ടുണ്ട്. ആയതിന്മേലുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. യെമനിൽ നിന്നും മടങ്ങിയെത്തിയവർക്കും തിരികെയെത്തുന്ന പ്രവാസി മലയാളികൾക്കായി സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള പദ്ധതിയുടെ ആനുകൂല്യങ്ങൾക്ക് അർഹതയുണ്ട്.

പ്രവാസികൾക്കുള്ള വായ്പ

99 (4134) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രവാസികളുടെ പുനരധിവാസ പാക്കേജിൽ ഉൾപ്പെടുത്തി വായ്പയ്ക്കായി 2014-15 വർഷം എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത് ; എത്രപേർക്കാണ് വായ്പ ലഭ്യമാക്കിയത് ;

(ബി) പ്രവാസികളുടെ കോടിക്കണക്കിനു രൂപ നിക്ഷേപമുള്ള ബാങ്കുകളാണ് വായ്പ നൽകാൻ മടി കാട്ടുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് പരിഹരിക്കാൻ സ്വീകരിക്കുന്ന നടപടി എന്താണെന്നറിയിക്കുമോ ?

ഉത്തരം

(എ) തിരികെയെത്തിയ പ്രവാസികളുടെ പുനരധിവാസത്തിനും സുസ്ഥിരവരുമാനം കണ്ടെത്തുന്നതിനുമായി കേരളസർക്കാർ ആവിഷ്കരിച്ച നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് പദ്ധതിയിലേക്ക് അപേക്ഷ സമർപ്പിക്കുന്നതിനായി 2013 ജൂൺ 1 മുതൽ ജൂലൈ 15 വരെ അനുവദിച്ചിരുന്ന സമയ പരിധിക്കുള്ളിൽ 19690 അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്. ഇവരുടെ അപേക്ഷ പരിശോധിച്ച് 6758 പേർക്ക് ബാങ്കിന്റെ നിബന്ധനകൾ പാലിച്ച് ലോൺ

LIBRARY ARCHIVES Kerala Legislative Assembly